**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4499** **19-07-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡ് ഓഫീസുകളുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേവസ്വം ബോർഡ് ഓഫീസുകളുടെ പ്രവർത്തനങ്ങൾ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കൂടുതൽ സുതാര്യമാക്കുതിനെക്കുറിച്ച് ആലോചിക്കുമോ; വിശദമാക്കുമോ; | (എ) | ദേവസ്വം ബോർഡുകളിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി പേപ്പർ ലെസ് ഓഫീസ് എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിന് വിവിധ ബോർഡുകളിൽ ഇ ഫയലിംഗ് സിസ്റ്റം നടപ്പിലാക്കുവാൻ 2018 മുതൽ തന്നെ സർക്കാർ നടപടി ആരംഭിക്കുകയും 04.07.2019 തീയതിയിലെ Dev2/20/2018-റവ നമ്പർ സർക്കാർ കത്തിലൂടെ ബോർഡുകൾക്ക് ഇ-ഫയലിംഗ് സിസ്റ്റം നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രാഥമിക നിർദ്ദേശം നൽകുകയും തുടർന്ന് 15.07.2020 ലെ Dev2/20/2018-റവ നമ്പർ കത്ത് പ്രകാരം ഇ-ഫയലിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ദേവസ്വം ബോർഡുകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ദേവസ്വം ബോർഡ് ഓഫീസുകളിൽ ഡിജിറ്റൽ ഫയലിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ദേവസ്വം ബോർഡുകളിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി പേപ്പർ ലെസ് ഓഫീസ് എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിന് വിവിധ ബോർഡുകളിൽ ഇ ഫയലിംഗ് സിസ്റ്റം നടപ്പിലാക്കുവാൻ 2018 മുതൽ തന്നെ സർക്കാർ നടപടി ആരംഭിക്കുകയും 04.07.2019 തീയതിയിലെ Dev2/20/2018-റവ നമ്പർ സർക്കാർ കത്തിലൂടെ ബോർഡുകൾക്ക് ഇ-ഫയലിംഗ് സിസ്റ്റം നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രാഥമിക നിർദ്ദേശം നൽകുകയും തുടർന്ന് 15.07.2020 ലെ Dev2/20/2018-റവ നമ്പർ കത്ത് പ്രകാരം ഇ-ഫയലിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ദേവസ്വം ബോർഡുകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് | (സി) | കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം എന്നിവിടങ്ങളിൽ |

| | | | |
|---|---|---|---|
| | അറിയിക്കുമോ? | | ഡിജിറ്റലൈസേഷൻ/ഇ-ഫയലിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്പ്യൂട്ടർവൽകരണ പ്രവർത്തനങ്ങൾക്കായി keltron-ULCCS കൺസോർഷ്യത്തിന് 32 സോഫ്റ്റ് വെയർ മോഡ്യൂളുകൾ നിർമ്മിക്കുന്നതിന് 2016-17 കാലഘട്ടത്തിൽ വർക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ എല്ലാ മോഡ്യൂളുകളും പ്രവർത്തനസജ്ജമാകാത്തതിനെ തുടർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡും കെൽട്രോണും തമ്മിൽ നിലനിൽക്കുന്ന തർക്കങ്ങൾ നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ